# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5039 27.06.2019-ൽ മറുപടിയ്ക്ക്

### നോർക്ക പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, എം. വിൻസെന്റ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | എ) | തിരികെയെത്തിയ പ്രവാസികളെ സംരംഭക രാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പുതിയ സംരംഭങ്ങൾ സർക്കാർ നടപടികൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്നതിനും തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകി വരുന്നുണ്ട്.<br>പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നു. ഇതിന് പുറമേ അപേക്ഷകർക്ക് പദ്ധതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകുക, പ്രോജക്റ്റ് റിപ്പോർട്ട് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്ക രീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിനു വേണ്ട വിവിധ നടപടി ക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകുക എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സർക്കാർ ഏജൻസി മുഖാന്തിരം ചെയ്യുന്നുണ്ട്. മാത്രമല്ല ഇത്തരം സംരംഭങ്ങൾക്ക് ആദ്യ ആറ് മാസം ആവശ്യമായ സഹായങ്ങളും നൽകി വരുന്നുണ്ട്.<br>നിലവിൽ നോർക്കാ റൂട്ട്സുമായി ധാരണാപത്രം ഒപ്പിട്ടിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം സ്വയം തൊഴിൽ വായ്പ നൽകി വരുന്നുണ്ട്. ഇതിൽ സൗകര്യ പ്രദമായത് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപന ത്തിലേക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപന ങ്ങൾ അവയുടെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| ബി) | നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പദ്ധതി പ്രകാരം എന്ത് തുകയാണ് മൂലധന സബ്സിഡിയായി നൽകുന്നത്; | ബി) | മൂലധനച്ചെലവിന്റെ 15% (പരമാവധി 3 ലക്ഷം രൂപവരെ ) മൂലധന സബ്സിഡി നൽകുന്നു. |
| സി) | വായ്പ കൃത്യമായി അടയ്ക്കുന്നവർക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ഉണ്ട്. കൃത്യമായി ലോൺ തിരിച്ചടക്കുന്ന വർക്ക് പ്രോത്സാഹനമായി 4 വർഷത്തേക്ക് 3% പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**